# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5265 26.03.2018-ൽമറുപടി നൽകേണ്ടത്

**കരിയറിനെക്കുറിച്ച് അവബോധം വളർത്തുന്നതിന് വിദ്യാർത്ഥികൾക്ക് പരിശീലനം**

| ചോദ്യം<br>ശ്രീ.അനിൽ അക്കര | | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വിദ്യാർത്ഥികളിൽ കരിയറിനെ കുറിച്ച് അവബോധം വളർത്തുന്നതിനും പരിശീലനം നൽകുന്നതിനും ഹയർ സെക്കന്ററി തലത്തിൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കമോ; | (എ) | ഉണ്ട്.1197 സ്കൂളുകളിൽ കരിയർ ഗൈഡൻസ് &അഡോളസെന്റ് കൗൺസിലിങ് സെല്ലിന്റെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിക്കുകയും ഈ സ്കൂളുകളിൽ ഒരു അധ്യാപകന് കരിയർ കോ-ഓർഡിനേറ്ററിന്റെ അധിക ചുമതല നൽകുകയും . ചെയ്തിട്ടുണ്ട്.40 വീതം അധ്യാപകർക്ക് സ്റ്റേറ്റ്/നാഷണൽ ലെവലിൽ എല്ലാ വർഷവും പരിശീലന പരിപാടികൾ നടത്തുന്നു.വിദഗ്ധരുമായി ചേർന്ന് കരിയർ ടോക്കുകൾ സംഘടിപ്പിക്കുന്നു.കരിയറുമായി ബന്ധപ്പെട്ട അനുദിന വിഷയങ്ങളും വാർത്തകളും ഉൾക്കൊള്ളിച്ചുകൊണ്ട് കരിയർ കോർണറുകൾ /കരിയർ ബോർഡുകൾ സ്കൂളുകളിൽ സ്ഥാപിച്ചിരിക്കുന്നു.സംസ്ഥാനതല/ദേശീയ തലത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും അഡ്മിഷനും അതുമായി ബന്ധപ്പെട്ട വിവരങ്ങളും യഥാസമയം മുഴുവൻ വിദ്യാർഥികളെയും അറിയിക്കുന്നു.ഹയർ സെക്കണ്ടറിയിലേക്ക് വരുന്ന പത്താം ക് ളാസ് കഴിഞ്ഞ വിദ്യാർഥികളുടെ അഭിരുചി മനസ്സിലാക്കുന്നതിന് K-DAT എന്ന പേരിൽ ഒരു അഭിരുചി പരീക്ഷ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ ഏതൊക്കെ മേഖലകളിലാണ് പരിശീലനം നൽകുന്നതെന്നു അറിയിക്കാമോ; | (ബി) | സിവിൽ സർവീസസ് മേഖലയെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിന് വേണ്ടി എല്ലാ ജില്ലകളിലും 7 കേന്ദ്രങ്ങളിലായി 4 ദിവസത്തെ റെസിഡൻഷ്യൽ ക്യാമ്പ് നടത്തുന്നു.സിവിൽ സർവീസ് അക്കാദമിയിലെ വിദഗ്ധരായ അധ്യാപകർ ക് ളാസ്സുകൾ എടുക്കുന്നു.<br><br>വിവിധ സ്ട്രീമുകളിലെയും (സയൻസ്/ഹ്യുമാനിറ്റീസ്/കോമേഴ് സ്) കുട്ടികൾക്ക് അതത് മേഖലയിലെ വിദഗ്ധരുടെ സഹായത്തോടുകൂടി ക് ളാസ്സുകൾ |

നൽകുന്നു. കരിയർ കോ-ഓർഡിനേറ്റർമാർ കരിയർ ബോധവൽക്കരണ ക് ളാസ്സുകളും കരിയർ കൗൺസിലിങ്ങുകളും സ്കൂളുകളിൽ നൽകുന്നു.

| | |
|---|---|
| (സി) ഇതിനായി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്നു വിശദീകരിക്കാമോ? | (സി) സ്കൂൾതല പ്രോഗ്രാമുകൾ എല്ലാ വിദ്യാർഥികൾക്കുമായി സംഘടിപ്പിക്കുന്നു. സംസ്ഥാനതല/ദേശീയതല പ്രോഗ്രാമുകൾക്ക് സ്കൂൾതല സ്ക്രീനിംഗ് ടെസ്റ്റ്, ജില്ലാതല തെരഞ്ഞെടുപ്പുകൾ എന്നിവയിലൂടെ വിദ്യാർഥികളെ പങ്കെടുപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ